## (17) കനോലി കനാൽ ശുദ്ധീകരിക്കൽ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, 1848-ൽ ബ്രിട്ടീഷുകാരനായ മലബാർ കളക്ടർ കെ. വി. കനോലി നിർമ്മിച്ച ജലപാതയാണ് കനോലി കനാൽ. താനൂർ നിയോജക മണ്ഡലത്തിലൂടെ ഏകദേശം 11 കിലോമീറ്ററോളം ജനസാന്ദ്രത കൂടിയ തീരദേശം വഴിയാണ് ഇത് കടന്നുപോകുന്നത്. ഈ കനാൽ ആഴംകൂട്ടി ഗതാഗതയോഗ്യമാക്കി ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതാണെന്ന് ഈ സർക്കാരിന്റെ പ്രഥമ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നതാണ്. എന്നാൽ പ്രസ്തുത കനാൽ മാലിന്യമുക്തമാക്കുന്നതിന് കനാലിൽ അടിഞ്ഞുകൂടിയ ചെളിയും പായലും നീക്കം ചെയ്യുമെന്നും തീര സംരക്ഷണ പ്രവൃത്തികൾക്കാണ് പ്രാമുഖ്യം നൽകുന്നതെന്നും ഈ സഭയിൽ ഒരു ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചിട്ടുണ്ട്. താനൂർ-പരപ്പനങ്ങാടി ഇറിഗേഷൻ സെക്ഷന്റെ കീഴിലാണ് ഈ കനാൽ സ്ഥിതി ചെയ്യുന്നത്. അതിൽ തിരൂർ സെക്ഷന്റെ കിഴിലുള്ള 2 കിലോമീറ്റർ ദൂരംവരെ മാത്രമാണ് ഇപ്പോൾ പ്രവൃത്തി നടക്കുന്നത്. രണ്ടര കിലോമീറ്റർ ദൂരത്തിന് 16.25 കോടി രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുമുണ്ട്. ബാക്കി ഭാഗത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ അത് അപകടകരമായ അവസ്ഥയിലേക്ക് നീങ്ങും. കനാലിന്റെ ഇരുവശത്തും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതിനാൽ, ഈ കനാലിൽ ചെളിയും മാലിന്യവും നിറഞ്ഞ് ഗുരുതരമായ മലിനീകരണ പ്രശ്നമായി മാറുമെന്ന ഭീതിയിലുമാണ്. ആയതിനാൽ താനൂർ പട്ടണത്തോട് ചേർന്ന് കിടക്കുന്ന കൂടുതൽ ജനസാന്ദ്രതയുള്ള ഭാഗമെങ്കിലും ഇരുകരകളും സംരക്ഷിച്ച് ചെളിയും മാലിന്യവും നീക്കം ചെയ്ത് ഗുരുതരമായ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, മലപ്പുറം ജില്ലയിൽ കൂടി കടന്നുപോകുന്ന താനൂർ കൂട്ടായി കനാലിലെ താനൂർ മണ്ഡലത്തിൽകൂടി കടന്നുപോകുന്ന കനോലി കനാലിന്റെ നീളം 11 കിലോമീറ്ററാണ്. ഇതിൽ 360 മീറ്റർ നീളത്തിൽ കനാലിന്റെ വികസനപ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. 1920 മീറ്റർ നീളത്തിൽ 900 ലക്ഷം രൂപ അടങ്കൽ തുകയുള്ള വികസനപ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു. ശേഷിക്കുന്ന 9724 മീറ്റർ നീളത്തിൽ നാല് പ്രവൃത്തികൾക്ക് 5290 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. ബാക്കിയുള്ള 6000 മീറ്റർ നീളം വികസനത്തിന് പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പ്രസ്തുത കനാൽ മാലിന്യമുക്തമാക്കുന്നതിനായി കനാലിൽ അടിഞ്ഞുകൂടിയ പായലും ചെളിയും നീക്കം ചെയ്യുന്ന പ്രവർത്തനങ്ങളും അവയുടെ തീരസംരക്ഷണത്തിന് ആവശ്യമായ പ്രവൃത്തികളുമാണ് പ്രധാനമായും ചെയ്തുവരുന്നത്. അതുമൂലം ഒരു പരിധിവരെ കനാൽ മാലിന്യമുക്തമാക്കാൻ കഴിയുന്നു. കൂടാതെ ആശുപത്രികൾ, ഹോട്ടലുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയിലെ മലിനജലം തുറന്നുവിടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത് നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്നു. 18 കിലോ മീറ്റർ നീളത്തിൽ കനോലി കനാലിന്റെ ശുചീകരണത്തിനായി ഏകദേശം 3 കോടി രൂപ ചെലവുവരും. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതാണ്. മെമ്പർ ഉന്നയിച്ച വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## (18) കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്യൽ

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കര അസംബ്ലി നിയോജക മണ്ഡലത്തിലെ രണ്ട് പ്രധാന കുടിവെള്ള പദ്ധതികളാണ് നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതിയും, ഭരണിക്കാവ് തെക്കേക്കര കുറത്തിക്കാട് കുടിവെള്ള പദ്ധതിയും. ഈ രണ്ട് കുടിവെള്ള പദ്ധതികളുടെയും നിർമ്മാണം ആരംഭിച്ചിട്ട് ഒന്നര പതിറ്റാണ്ട് കഴിഞ്ഞു. അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലമാണ് മാവേലിക്കര മണ്ഡലം. ഡിസംബർ മാസം പകുതി മുതൽ ജൂൺമാസം പകുതി വരെയുള്ള ആറ് മാസക്കാലം മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും കുടിവെള്ളം ടാങ്കറിൽ കൊണ്ടുവന്ന് വിതരണം ചെയ്യുകയാണ്. ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ കടുത്ത അലംഭാവമുണ്ട്. കുറത്തിക്കാട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് റെയിൽവേയുടെ സഹായം ആവശ്യമുണ്ട്. അതിന് അടിയന്തരമായി ഗവൺമെന്റ് ഇടപെടണം. നൂറനാട് കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് ആവശ്യമായ ഫണ്ടുകൂടി അനുവദിച്ചു കൊണ്ട് എത്രയും പെട്ടെന്ന് ഈ രണ്ട് കുടിവെള്ള പദ്ധതികളും കമ്മീഷൻ ചെയ്ത് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.